# കർഷകശബ്ദം

## രവീന്ദ്രൻ കൊടക്കാട്
## കർഷക വിദ്യാപീഠം
## അസോസിയേറ്റ് ഡയറക്ടർ (അകാദമിക്)



കാർഷികവൃത്തി ഒരു കലയാക്കി മാറ്റിയ സാംസ്‌ക്കാരിക പ്രവർത്തകനും, ചെറുവത്തൂരിലെ കദളീ വനത്തിന്റെ സ്ഥാപകരിൽ പ്രമുഖനുമായ രവീന്ദ്രൻ കൊടക്കാട് കർഷക വിദ്യാപീഠം അക്കാദമിക വിഭാഗം അസോസിയേറ്റ് ഡയറക്ടർ ആയി ചുമതലയേറ്റു.കാർഷിക മേഖലയിൽ നിരവധി അവാർഡുകൾ നേടിയിട്ടുണ്ട് ബിഎസ്എൻഎൽ മുൻ ഉദ്യോഗസ്ഥൻ ആയ രവീന്ദ്രൻ.



കർഷകന്റെ സംരംഭം എന്ന നിലയിൽ കർഷകനായ രവീന്ദ്രൻ കൊടക്കാട് വിപണിയിലിറക്കിയ കാസർകോടൻ പശുവിന്റെ ചാണകപ്പൊടി, അഗ്രി മിക്സ് എന്നിവ കൃഷി വകുപ്പു മന്ത്രി പി. പ്രസാദ് ഏറ്റുവാങ്ങുന്നു.

കർഷകശബ്ദം

May, 2023

# ബഡ്ഡിംഗ്-ഗ്രാഫ്റ്റിംഗ് പരിശീലനത്തിൽ

# വൻ പങ്കാളിത്തം



കർഷക വിദ്യാപീഠം സംഘടിപ്പിച്ച ഗ്രഫ്റ്റിംഗ് പ്രായോഗിക പരിശീലനം കാഞ്ഞങ്ങാട് മുനിസിപ്പാലിറ്റി ചെയർ പേഴ്സൺ കെ. വി. സുജാത ഉദ്ഘാടനം ചെയ്തു. വാർഡ് കൗൺസിലർ ബാബു അധ്യക്ഷൻ ആയിരുന്നു



## പരിശീലനത്തിന്


### നേതൃത്വം നൽകിയവർ



**അശോകൻ**
മാസ്റ്റർ ബഡ്ഡർ



**രവീന്ദ്രൻ**
അസോസിയേറ്റ് ഡയറക്ടർ



**അബ്ദുള്ള**
ഡയറക്ടർ

കേരളത്തിൽ അങ്ങോളമിങ്ങോളമുള്ള 43 പേർ പരിശീലനത്തിൽ പങ്കെടുത്തു. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് കർഷക വിദ്യാപീഠത്തിന്റെ സർട്ടിഫിക്കറ്റ് നൽകി.



പരിശീലനാർഥികൾ

# ബഡ്ഡിംഗ്-ഗ്രാഫ്റ്റിംഗ് പരിശീലനത്തിൽ കൃഷി ബിരുദ വിദ്യാർത്ഥികളും



അനുശ്രീ



അനഘ



ആശ്രയ

തമിൾനാട് VIT കാർഷിക കോളേജിൽ പഠിക്കുന്ന അനുശ്രീ ഗോപി, അനഘ ജയൻ, ആശ്രയ ഉണ്ണികൃഷ്ണൻ എന്നിവരാണ് കർഷക വിദ്യസപീഠം സംഘടിപ്പിച്ച ഗ്രഫ്റ്റിംഗ് പ്രായോഗിക പരിശീലനത്തിൽ പങ്കെടുത്തത്. വളരെ നല്ല പരിശീലനമാണ് ലഭിച്ചത് എന്ന് മൂന്ന് പേരും പറഞ്ഞു.




പ്രശസ്ത പ്രവാസി കർഷകൻ EKH പടന്നക്കാട് പരിശീലനം പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു

കർഷകശബ്ദം May, 2023

# ഒരു സവിശേഷ പാനീയം●●● ഡയറക്ടർ അബ്ദുള്ള ഈജിപ്തിൽ നിന്നും പരിചയപെടുത്തുന്നു



വീണ്ടും വിളി കേട്ട് ഞാൻ തിരിഞ്ഞു നോക്കി. യാക്കൂബും, അഹ്മദും, ഗമാലും, യൂനുസും സ്മോക്കിംഗ് കോർണറിൽ ഇരുന്ന് സൊറ പറഞ്ഞ് ഒരു ചുവന്ന ദ്രാവകം കുടിക്കുന്നു. ഞാൻ അവരുടെ അടുത്ത് ചെന്നപ്പോൾ യൂനുസ് എനിക്ക് ഒരു ക്ലാസ് ചുവന്ന വെള്ളം വെച്ച് നീട്ടി പറഞ്ഞു ഇത് നല്ലതാണ് നിന്റെ ക്ഷീണം മാറും. എന്തുകൊണ്ട് ഉണ്ടാക്കിയത് എന്ന് ചോദിച്ചപ്പോൾ ,'കർക്കടെ 'എന്ന് പറഞ്ഞു.

അതെനിക്ക് മനസ്സിലായില്ല. അപ്പോൾ സൂപ്പർവൈസർ ഗമാൽ, ഹിബിസ്ക്കസ് (Hibiscus)ആണെന്ന് പറഞ്ഞു. ഷുഗറിനും, ബ്ലഡ് പ്രഷർ നിയന്ത്രിക്കാനും, ക്ഷീണം അകറ്റാനും നല്ലതാണെന്ന് യാക്കൂബ് സാക്ഷ്യം പറഞ്ഞു. ചൂട് കാലത്തും നോമ്പ് കാലത്തും ഇവർ ഇത് കൂടുതലായി കുടിക്കുന്നത് കണ്ടിരുന്നു. ഇവരുടെ പ്രധാനപ്പെട്ട പാനീയമാണ്. എന്നാൽ, എനിക്കു രുചിച്ചു നോക്കാനുള്ള അവസരം കിട്ടിയിരുന്നില്ല.ഹിബിസ്ക്കസിനെ കുറിച്ച് ചെറിയ ധാരണ ഉള്ളത് കൊണ്ടും അതിന്റെ ചായ അസർബൈജാനിലെ കുബിസ്ഥാനിൽ -



നിന്നും ഇറാനിൽ നിന്നും കുടിച്ചതിന്റെ ( തുടരുന്നു...)

# ഒരു സവിശേഷ പാനീയം●●●

(തുടരുന്നു)..

രുചി ഓർമയിലുള്ളത് കൊണ്ടും ഞാൻ ഈ പാനീയം വാങ്ങി കുടിച്ചു. കുടിച്ചു കഴിഞ്ഞപ്പോൾ നല്ല ഉന്മേഷം. മുമ്പ് കുടിച്ചിരുന്ന ചായ, ചെമ്പരത്തി പൂവിൽ നിന്നുള്ളതാണ്. എന്നാൽ ഇത് അതല്ല എന്ന് എനിക്കു മനസ്സിലായി. ഈ പാനീയ-ത്തിന്റെ ചേരുവ കാണണ-മെന്നായി ഞാൻ, അപ്പോൾ അവർ എനിക്ക് ഒരു പാക്കറ്റ് തന്നു. തുറന്നു നോക്കിയപ്പോൾ നമ്മുടെ 'മത്തി പുളി' ഉണ-ക്കിയത്.

## പുളി വെണ്ട

ഇതിനെ പുളി വെണ്ട(Hibiscus sabdariffa), കർക്കട (Karkade) റോസെല്ലി(Roselle) എന്നൊക്കെ വിളിക്കും. നമ്മൾ നിസ്സാരമായി കണ്ട ഈ പുളി ഒരു പുലിയാണ് കേട്ടാ.. വെണ്ടയുടെ തറവാട്ടിലാണ് ജനനം .

ജീവകം എ, സി, യുടെയും ആന്റിഓക്സിഡൻറ്- ന്റെയും മഹാകലവറയാണ് ഈ മത്തി പുളി. ഇതിൻറെ ജന്മദേശം ആഫ്രിക്കയാണ്. ഏറ്റവും കൂടുതൽ ഉത്പാദിപ്പിക്കുന്ന രാജ്യങ്ങൾ സുഡാൻ, മെക്സിക്കോ തായ്‌ലൻഡ്, കരീബിയൻ നാടുകൾ തുടങ്ങിയവയാണ്.

മെക്സിക്കോയിൽ 750ml ജൂസിന് 4100 രൂപയാണ് വില. അമേരിക്ക വർഷത്തിൽ ഏക-ദേശം 5000 മെട്രിക് ടൺ ഉണങ്ങിയ മത്തിപുളി ഹെർബൽ ചായ ഉണ്ടാക്കാൻ വേണ്ടി ഇറക്കുമതി ചെയ്യുന്നു.

ചായ, ജ്യൂസ്,ജെല്ലി, അച്ചാര്,ജാം, സ്ക്വാഷ് എന്നിവ ഇതില് നിന്നുണ്ടാക്കിവരുന്നു. കൂടാതെ മീൻ കറികൾക്കും പച്ചക്കറി കറികൾക്കും ചേർക്കാം.

ചിലതരം അർബുദ രോഗം വരെ പുളിവെണ്ടയുടെ ഉപയോഗംവഴി കുറയ്ക്കാം.

## ജ്യൂസ്

ഉണങ്ങിയതോ ഉണങ്ങാത്തതോ ആയ മത്തിപുളി തോട് വെള്ളത്തിൽ ഇട്ടു തിളപ്പി ച്ചെടുത്ത് തണുത്തതിനുശേഷം മധുരം ചേര്ത്ത് ഫ്രിഡ്ജിൽ വെച്ചോ ഐസ് ഇട്ടോ ഉപയോഗിക്കാം. മിക്സിയിൽ അടിച്ചെടുത്ത് അരിച്ച് (തിളപ്പിക്കാതെ) മധുരം ചേർ ത്തും ജ്യൂസ് തയാറാക്കാ-വുന്നതാണ്.

ഇഷ്ടമനുസരിച്ച് ഏലക്ക, ഇഞ്ചി, നാരങ്ങ, പുതിന ഇവയിൽ ഏതെങ്കിലും ചേര്ത്ത് വ്യത്യസ്ത രുചികളിൽ ഉപയോഗിക്കാം.

# കർഷകശബ്ദം



കർഷകശാസ്ത്ര മ്യൂസിയം പൊളിച്ചു മാറ്റിയ നിലയിൽ

## കർഷരുടെ ശാസ്ത്ര മ്യൂസിയം പൊളിച്ച സംഭവം

# വി.സി. തെറ്റ് തിരുത്തണം

കർഷക ശാസ്ത്ര പിതാവ് ദർ. എം. ജെ. ജോസഫിന്റെ പേരിൽ കണ്ണൂർ കെവികെ-യിൽ 2010-ൽ സ്ഥാപിച്ച കർഷക ശാസ്ത്ര മ്യൂസിയം ഈ വർഷം ജനുവരിയലാണ് കെവികെ മേധാവി ഡോ. ജയരാജ് ജെസിബി കൊണ്ട് നിഷ്കരുണം പൊളിച്ചു മാറ്റിയത്. കർഷക ശാസ്ത്രത്തിന്റെയും മുസീയത്തിന്റെയും എല്ലാ അടയാളങ്ങളും തുടച്ചു മാറ്റി അവിടെ ഒരു ബയോ കൺട്രോൾ യൂണിറ്റ് നിർമ്മിക്കുന്നതിന് വേണ്ടിയായിരുന്നു ഇത്. ഈ കർഷക വിരുദ്ധ നടപടിക്കെതിരെ വ്യാപകമായ പ്രതിഷേധം ഉണ്ടായി. തുടർന്ന് ബയോ യൂണിറ്റിന്റെ പണി നിർത്തി വെക്കാൻ സർവ്വകലാശാല ഉത്തരവിടുകയും ബയോ യൂണിറ്റ് നിർമ്മാണത്തിന് സർവ്വകലാശാല

ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റ് കെ വി കെ -യുടെ 50 ഏക്കർ ഫാർമിൽ ബയോ ലാബിന് അനുയോജ്യമായ സ്ഥലം കണ്ടെത്തി പണി തുടങ്ങുകയും ചെയ്തു.

## കർഷകർക്ക് റജിസ്ട്രാർ നൽകിയ ഉറപ്പ്

കർഷക ശാസ്ത്ര മ്യൂസിയം യഥാസ്ഥാനത്ത് പുനർനിർമ്മിക്കുമെന്ന് കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ: സക്കീർ കർഷകർക്ക് രേഖാമൂലം ഉറപ്പ് നൽകി. വിജ്ഞാനവ്യാപന ഡയറക്ടർ ഡോ. ജേക്കബ് ജോണും മ്യൂസിയത്തിന്റെ പ്രൗഡി നിലനിർത്തിക്കൊണ്ട് സ്വതന്ത്ര കെട്ടിടമായി യഥാസ്ഥാനത്ത് പുനർനിർമ്മിക്കുമെന്ന് ഉറപ്പ് നൽകി.

## പുതിയ വിസി-ക്ക് കർഷകരെ പുല്ലു വില

അടുപ്പമുള്ള ആരുടെയോ ഇംഗിതത്തിനു വഴങ്ങി കർഷകരെ വഞ്ചിക്കാനും, വെല്ലുവിളിക്കാനും അവർക്ക് രേഖാമൂലം നൽകിയ ഉറപ്പ് ലംഘിക്കാനും കർഷകരുടെ ശാസ്ത്ര മ്യൂസിയം പൊളിച്ചു മാറ്റിയ സ്ഥലത്തു തന്നെ പരിസ്ഥിതിക്കും ആരോഗ്യത്തിനും ഹാനികരമാവും വിധം ബയോ കൺട്രോൾ ലാബ് പണിയാൻ താഴെയുള്ളവരെ അധികാരം ഉപയോഗിച്ച് നിർബന്ധിക്കുകയായിരുന്നു വി. സി



DIAN PRESS 5/1

# Farmers' Science Museum at KVK Kannur demolished

M A RAJEEV KUMAR @ Kannur

DAR (Distinguished Agricultural Inventor) M J Joseph Farmers' Science Museum was a unique idea and was celebrated by the farmers' community when it was inaugurated way back in 2010. Now, 12 years after the opening up of the museum set up exclusively for the benefit of farmers and their out-of-the-box inventions at the Krishi Vigyan Kendra campus at Panniyur near Taliparamba, it has been demolished by the officials to make way for a bio control unit.

The museum, which was the brainchild of Prof K Abdul Kareem, the then head of KVK, Panniyur, was set up to showcase the innovations by farmers, the first of its kind in a government institution in the state. The reason the officials cite for the demolition would be hard to digest for many as they say that there was leakage in the

This is a 26-acre campus and there is enough space to construct a bio control unit. This should not have

ers' Science Congress held at KVK, Panniyur, in 2008. Few months after receiving the Dar title, he died at the age of 92. By naming the museum Dar MJ Joseph Museum, KVK was honouring his services to the farmers across the state. The museum was set up with the support of NABARD. It highlighted the important role played by farmers in improving farm practices and development of the sector. Most of the inventions on display at the museum are low-cost, farmer-friendly and easy for fellow farmers to adopt.

The inventions of farmers are displayed with actual specimens, models, photographs and full description along with the bio data of the inventor.

Many of the so-called traditional practices and technologies are in fact farmers' innovations. The inventions include a simple device for water management in coconut farming, electronic and mechanical rat trap, polybag filling device, rubber tap-

## മാപ്പർഹിക്കാത്ത തെറ്റ്

കാർഷിക കേരളത്തിന്റെ അഭിമാനമായ ഒരു മഹാ ജീനിയസ് കർഷകന്റെ നെഞ്ചിൽ കർഷക താല്പര്യത്തിനു വിരുദ്ധമായി ബയോകൺട്രോൾ യൂണിറ്റ് പണിയാൻ ഉത്തരവിട്ട നടപടി കർഷകരെ സംബന്ധിച്ചേടത്തോളം മാപ്പർഹിക്കാത്ത തെറ്റാണ്. വി. സി തെറ്റ് തിരുത്തുകയും ബയോ യൂണിറ്റിന്റെ പണി ഉടൻ നിർത്തുകയും കർഷകർക്ക് നൽകിയ ഉറപ്പ് പാലിക്കുകയും ചെയ്യും വരെ പിന്നോട്ടില്ല.

# പ്രതിഷേധ ധർണ്ണ



ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ(കെവികെ) നിലവിലുണ്ടായിരുന്ന കാർഷിക ശാസ്ത്ര മ്യൂസിയം പൊളിച്ചു മാറ്റിയതിൽ പ്രതിഷേധിച്ചും മ്യൂസിയം യഥാ സ്ഥലത്ത് പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ട് കോൺഗ്രസ് പന്നിയൂർ മണ്ഡലം കമ്മിറ്റി ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിന് മുൻപിൽ നടത്തിയ ധർണ്ണ ഡിസിസി ജനറൽ സെക്രട്ടറി ടി.ജനാർദനൻ ഉദ്ഘാടനം ചെയ്യുന്നു.

## മ്യൂസിയം പൊളിച്ചുനീക്കിയതിൽ പ്രതിഷേധിച്ച് ധർണ നടത്തി

തളിപ്പറമ്പ്● ജില്ലാ കൃഷി വിജ്ഞാന കേന്ദ്രത്തിൽ (കെവികെ) നിലവിലുണ്ടായിരുന്ന കാർഷിക ശാസ്ത്ര മ്യൂസിയം പൊളിച്ചു മാറ്റിയതിൽ പ്രതിഷേധിച്ചും മ്യൂസിയം യഥാസ്ഥലത്തു പുനഃസ്ഥാപിക്കണമെന്നും കാർഷിക സർവകലാശാല അധികാരികൾ കർഷകരോട് കാണിക്കുന്ന അവഗണന

പ്രതിഷേധ ധർണ നടത്തി. ഡിസിസി ജനറൽ സെക്രട്ടറി ടി. ജനാർദനൻ ഉദ്ഘാടനം ചെയ്തു.

മ്യൂസിയം പൊളിച്ചു മാറ്റി പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്ന വിധത്തിൽ ബയോ കൺട്രോൾ യൂണിറ്റ് സ്ഥാപിക്കുന്ന പ്രവൃത്തി നിർത്തി വയ്ക്കണമെന്നും

ത്തെ കൂടത്തിൽ, പി. പി. നിസാർ, പി. പി. മുഹമ്മദ് കുഞ്ഞി, ബ്ലോക്ക് യൂത്ത് കോൺഗ്രസ് പ്രസിഡന്റ് സി. കെ. സായൂജ്, മണ്ഡലം പ്രസിഡന്റ് കെ.ആലിക്കുഞ്ഞി, ഐഎൻടിയുസി മണ്ഡലം പ്രസിഡന്റ് കെ.വി. നാരായണൻ, ബി. പി. ഹംസ, പി.പി.രാജേഷ്, ടി. കെ. ലക്ഷ്മണൻ, വിഷ്ണുദാസ്

# കർഷകരെ പറ്റിച്ചു പൊളിച്ചിടത്ത് മ്യൂസിയമില്ല

**വി.എൻ. അൻസൽ**

കണ്ണൂർ: കൃഷി വിജ്ഞാന കേന്ദ്രത്തിലെ കർഷക ശാസ്ത്ര മ്യൂസിയം പൊളിച്ച സംഭവത്തിൽ കാർഷിക സർവ്വകലാശാല കർഷകർക്ക് നൽകിയ ഉറപ്പു ഇതു വരെ പാലിച്ചില്ല. ഇതിൽ കർഷകരുടെ പ്രതിഷേധം ശക്തമാകുകയാണ്. ഈ വർഷം തുടക്കത്തിലാണ് കർഷക ശാസ്ത്ര പിതാവ് ദർ. എം.ജെ. ജോസഫിന്റെ പേരിലുള്ള കർഷക ശാസ്ത്ര മ്യൂസിയം പൊളിച്ചു നീക്കിയത്.

ഹോർട്ടിക്കൾച്ചർ മിഷൻ വക ഒരു ജൈവ യൂണിറ്റ് അവിടെ നിർമ്മിക്കുന്നതിന്നു വേണ്ടിയാണ് പൊളിച്ചത്. വ്യാപകമായ പ്രതിഷേധത്തെ തുടർന്ന് ജൈവ യൂണിറ്റ് പണിയാൻ കാർഷിക സർവ്വകലാശാല മറ്റൊരു സ്ഥലം ക്യാമ്പസ്സിനുള്ളിൽ തെരഞ്ഞെടുത്തു. രണ്ട് മേധാവികൾക്കും കൃഷി വിജ്ഞാന കേന്ദ്ര മേധാവിയുടെയും കുരുമുളക് ഗവേഷണ കേന്ദ്രം മേധാവിയുടെയും സമ്മതപ്രകാരമായിരുന്നു ഇത്.

മ്യൂസിയം നിന്നിരുന്ന അതേ സ്ഥലത്ത് തന്നെ മ്യൂസിയം പുനർനിർമിക്കുമെന്ന് കാർഷിക സർവ്വകലാശാല രജിസ്ട്രാർ, അന്നത്തെ വി.സിയുടെ അംഗീകാരത്തോടെ രേഖമൂലം ഉറപ്പ് നൽകിയിരുന്നു. എല്ലാ പ്രൗഢിയോടെയും അതേ സ്ഥലത്ത് തന്നെ വേറിട്ടൊരു സ്ഥാപനമായി പണിയുമെന്ന് വിജ്ഞാന വ്യാപന വ്യാപന ഡയറക്ടറും ഉറപ്പു നൽകി.

എന്നാൽ ഇപ്പോൾ ഉറപ്പുകൾ ലംഘിച്ചു കൊണ്ട് മ്യൂസിയം നില നിന്ന സ്ഥലത്ത് തന്നെ ജൈവ യൂണിറ്റിന്റെ പണി വീണ്ടും ആരംഭിച്ചിരിക്കുകയാണ്. ഈ പണി നിർത്തി വെക്കണെമെന്നാണ് കർഷകർ ആവശ്യപ്പെടുന്നത്.

കൃഷി വിജ്ഞാന കേന്ദ്രം മേധാവി പറയുന്നത് ജൈവ യൂണിറ്റിന്റെ മുകളിൽ മ്യൂസിയം പണിയുമെന്നാണ്. ഇത് കർഷകർക്ക് സ്വീകാര്യമല്ല. മ്യൂസിയത്തിന്റെ വിശുദ്ധി സംരക്ഷിച്ചു കൊണ്ട് അത് നിന്നിരുന്ന അതേ സ്ഥലത്ത് തന്നെ പണിയണം എന്നാണ് കർഷകരുടെ ആവശ്യം. മ്യൂസിയം അതേ സ്ഥലത്തും തൊട്ടടുത്തു ജൈവ യൂണിറ്റും പണിതാൽ പോരെ എന്നാണ് കർഷകർ ചോദിക്കുന്നത്..



ദർ. എം. ജെ ജോസഫ്

തൊട്ടടുത്ത് സ്ഥലമില്ല എന്നതാണ് യാഥാർഥ്യം. ജൈവ യൂണിറ്റ് പണിയാൻ ഏറ്റവും നല്ല സ്ഥലം മ്യൂസിയം നിലനിന്നിരുന്ന അതേ സ്ഥലം ആണെന്ന് പുതിയ വൈസ് ചാൻസലറെ മേധാവികൾ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അതാണ് വീണ്ടും അവിടെ ജൈവ യൂണിറ്റിന്റെ പണി തുടങ്ങാൻ കാരണം.പന്നിയൂർ ക്യാമ്പസ്സിൽ ഏക്കർ കണക്കിന് സ്ഥലം ഉണ്ടെന്നതും കർഷകർ ചൂണ്ടിക്കാട്ടുന്നു. കൃഷി വിജ്ഞാന കേന്ദ്രം തുടങ്ങുമ്പോൾ 50 ഏക്കറാണ് അനുവദിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് പന്നിയൂരിൽ കൃഷി വിജ്ഞാന കേന്ദ്രം അനുവദിച്ചത്.

2008 ഫെബ്രുവരി 4.5 തിയ്യതികളിൽ ആണ് ലോകത്തിലെ ആദ്യത്തെ കർഷക ശാസ്ത്ര കോൺഗ്രസ് പന്നിയൂരിലെ കണ്ണൂർ കൃഷി വിജ്ഞാന കേന്ദ്രം സംഘടിപ്പിച്ചത്. അന്ന് ഏറ്റവും മികച്ച കർഷക ശാസ്ത്രജ്ഞനായി തെരെഞ്ഞെടുക്കപ്പെട്ടതും, ദർ എന്ന ബഹുമാന സൂചകമായ പദവി നൽകി കാർഷിക സർവ്വകലാശാല ആദരിച്ചതും കുഞ്ഞേട്ടൻ എന്ന ഓമനപ്പേരിൽ അറിയപ്പെടുന്ന തെങ്ങ് കയറ്റം ഉൾപ്പെടെ നിരവധി കണ്ടുപിടുത്തങ്ങളുടെയും ഉടമസ്ഥൻ ആയ പ്രശസ്ത ജീനിയസ് കർഷക ശാസ്ത്രജ്ഞനായ ചെമ്പേരി സ്വദേശി എം. ജെ. ജോസഫിനെയായിരുന്നു. തുടർന്ന് 2010 മേയിൽ അദ്ദേഹത്തിന്റെ പേരിൽ ഒരു കർഷക ശാസ്ത്രം മ്യൂസിയം സ്ഥാപിച്ചു കേരളത്തിലെ അങ്ങോള മിങ്ങോളമുള്ള കർഷകർക്ക് ഇതു നൽകിയ ഉത്തേജനവും പ്രചോദനവും ചില്ലറയല്ല. ഇന്ത്യയിലെ തന്നെ ആദ്യത്തേതായിരുന്നു ദർ. എം. ജെ. ജോസഫ് മ്യൂസിയം. ഇത് കർഷകക്ക് നൽകിയ നേട്ടങ്ങൾ നിരവധിയാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത്, മ്യൂസിയം, കർഷകർക്ക് അവരുടെ കണ്ടുപിടുത്തങ്ങൾക്ക് പിതൃത്വം സ്ഥാപിച്ചു നൽകുന്നു എന്നതാണ്. ഇങ്ങനെയുള്ള ഒരു ചരിത്ര സ്മാരകം ആണ് ഇക്കഴിഞ്ഞ ജനുവരിയിൽ നിഷ്കരുണം പൊളിച്ചുമാറ്റിയത്. ഇത് കർഷകരുടെയും പൊതു സമൂഹത്തിന്റെയും വ്യാപകമായ പ്രതിഷേധത്തിനു ഇടയാക്കുകയായിരുന്നു.

# മുഖ്യമന്ത്രി നിർദേശം നൽകി



ഇന്ത്യയിലെ ഒരേയൊരു കർഷകശാസ്ത്ര മ്യൂസിയം പൊളിച്ചു അവിടെ ബയോകൺട്രോൾ ലാബ് പണിയുന്നത് ഉടൻ നിർത്തി വെക്കണമെന്ന കർഷകരുടെ ആവശ്യത്തിന്മേൽ ഉചിതമായ നടപടിയെടുക്കാൻ മുഖ്യമന്ത്രി, കൃഷി വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് നിർദേശം നൽകി.

## പ്രതിഷേധം ശക്തമാവുന്നു

കാർഷിക സർവ്വകലാശാല കർഷകർക്ക് നൽകിയ ഉറപ്പ് പാലിക്കുക

കർഷക ശാസ്ത്ര പിതാവ് ഡോ. എം. ജെ. ജോസഫിനെ അവഹേളിക്കാതിരിക്കുക

## കർഷക ശാസ്ത്ര മ്യൂസിയത്തിന്റെ വിശുദ്ധി സംരക്ഷിച്ചു കൊണ്ട് അതേ സ്ഥലത്ത് പുനർനിർമ്മിക്കുക

൪൦ ഏക്കർ ഫാമിൽ മ്യൂസിയം നിന്നിരുന്ന സ്ഥലത്ത് തന്നെ ജൈവ യൂണിറ്റ് നിർമ്മിക്കണമെന്ന വാശി ഉപേക്ഷിക്കുക

കെ വി കെ മേധാവിയുടെ കർഷകദ്രോഹ നടപടികൾ അവസാനിപ്പിക്കുക

കർഷകശബ്ദം

May, 2023

# വിജയം വരെ പിന്നോട്ടില്ല
# കർഷകർ കൈ കോർക്കുന്നു




## SAVE DAR. M. J. JOSEPH FARMERS' SCIENCE MUSEUM
## MOVEMENT



Jai Kissan

**കർഷകശാസ്ത്ര മ്യൂസിയത്തിന്റെ വിശുദ്ധി സംരക്ഷിച്ചു കൊണ്ട് യഥാസ്ഥാനത്ത് പുനർ നിർമ്മിക്കുക**

## Relocate Biocontrol Lab - 50 Acres Available

**From Assurances to Deception, Farmers Demand Correction!**

**Value Farmers' Wisdom**

**Stand Tall, Don't Insult the Father of Farmers' Science**

**Rebuild Trust, Honor the Farm University's Pledge!**

**Farmers Deserve Reverence, Not Insults**


കെ.വി.കെ.യിലെ കർഷകശാസത്ര
മ്യൂസിയം പൊളിച്ചുമാറ്റി
Rebuild
THE MUSEUM AT THE SAME SITE
IMMEDIATELY WITH ALL GRANDEUR
Stop Insult to
DAR. M. J JOSEPH
& FARMING COMMUNITY
NO BIOCONTROL UNIT AT THE SAME SITE
Jai
KISSAN
DAR M. J. JOSEPH FANS

കർഷകശബ്ദം

May, 2023






Join Hands With

# SAVE DAR. M. J. JOSEPH FARMERS' SCIENCE MUSEUM

# MOVEMENT

# KVP INFO NUGGETS


**നുറുങ്ങുകൾ**

101122

**കർഷക വിദ്യാപീഠം**

WWW.KERALAFARMERSUNIVERSITY.COM

## മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനിയിൽ
# ആധുനിക റൈസ് മിൽ



ടി. കെ. ബാലകൃഷ്ണൻ

**കേരളത്തിൽ ആദ്യത്തേത്**

1. നെല്ല് വൃത്തിയാക്കു
750 കിലോക്ക് 1 മണിക്കൂർ

2. പുഴുങ്ങു
50 മിനുട്ട

3. ഉണക്കു
250 കിലോ ഒരു മണിക്കൂറിൽ

നുറുക്കരി ചാക്കിലാക്കു

ചെലവ് : 15 ലക്ഷം രൂപ
( കേരള സർക്കാർ )

മേൽനോട്ടം
കെവികെ കണ്ണൂർ

കേരളത്തിലെ നെൽ കർഷകർക്ക് ആത്മവിശ്വാസം പകർന്നു വിജയം കൊയ്ത് കൊണ്ട് മുന്നേറുന്ന മുമ്പേ പറക്കുന്ന പക്ഷിയായ മയ്യിൽ റൈസ് പ്രൊഡ്യൂസർ കമ്പനിയിൽ ആധുനിക റൈസ് മിൽ പ്രവർത്തനം തുടങ്ങി.
കൃഷി മന്ത്രി. പി. പ്രസാദ് ആണ് ഉദ്ഘാടനം ചെയ്തത്.




**Leadership**

**ബാലകൃഷ്ണൻ**
മാനേജിങ് ഡയറക്ടർ
**MRPC മയ്യിൽ, കണ്ണൂർ**
അസോ:ഡയറക്ടർ
**കർഷക വിദ്യാപീഠം**
**90747 67639**

# KVP INFO NUGGETS

## നുറുങ്ങുകൾ

091122

കർഷക വിദ്യാപീഠം

WWW.KERALAFARMERSUNIVERSITY.COM

# 400 – ലേറെ ഇനങ്ങളുമായി താരമായി വാഴച്ചേട്ടൻ



വിനോദ് സഹദേവൻ നായർ

ഏറ്റവും അധികം വാഴ ഇനങ്ങൾക്ക്

**ലിംക ബുക്ക് ഓഫ് റെക്കോർഡ്സിൽ ഇടം**

**ഇന്ത്യയിൽനിന്നും വിദേശത്ത് നിന്നും ശേഖരിക്കുന്നു**

നാട്ടുകാരുടെ പ്രിയ

**'വാഴച്ചേട്ടൻ'**

**മാസം ഒരു ലക്ഷം രൂപയോളം വരുമാനം**

തിരുവനന്തപുരം നഗരത്തിൽ നിന്ന് ഏകദേശം 35 കിലോമീറ്റർ അകലെയാണ് വിനോദ് സഹദേവൻ നായരുടെ ഫാം.

മട്ടി, പിസാങ്ങ് ജരിബുയം, ആയിരംക പൂവൻ, പിടിമൊന്തൻ, ഗോതിയ, ജഹാൻജി, നെയ് വാഴ, ലാമ്പി, ലേഡി ഫിംഗർ തുടങ്ങി 400-ലേറെ ഇനങ്ങൾ.



**വാഴ കർഷകൻ**

**വിനോദ്**

പാറശ്ശാല

തിരുവനന്തപുരം

**9446401615**

KARSHAKA VIDYAPEEDAM

കർഷക വിദ്യാപീഠം

# കർഷക വിദ്യാപീഠം

*karshaka vidyapeedam*

## FARMERS' UNIVERSITY

**കർഷകർക്ക് വേണ്ടി**
**കർഷകർ നടത്തുന്ന സർവകലാശാല**

### ലക്ഷ്യം

ഒരു പുതു തലമുറ കർഷകരെ വാർത്തെടുക്കുക - നിലവിലെ കർഷക സമൂഹത്തെ സംരക്ഷിക്കുന്നതോടൊപ്പം. അവരുടെ കൃഷിയെ കൂടുതൽ ശാസ്ത്രീയവും സമഗ്രവും ആക്കുക

### എല്ലാം കർഷകർ

അധ്യാപനം

ഗവേഷണം

വിജ്ഞാന വ്യാപനം

സംസ്കരണം , വിപണനം

### കൃഷി പഠിക്കാം

അംഗീകാരങ്ങൾ നേടാം

കൃഷി വിദ്യാ പീഠം ഡിപ്ലോമ,

ഡിഗ്രികൾ , പി ജി , പിഎച്ച് ഡി

സമ്പാദിക്കാം

### കൃഷി പഠിപ്പിക്കാം

ഫാക്കൽറ്റി ആവാം
ബഹുമാനസൂചകമായ പദവികൾ നേടാം
ലെക്ചറെർ മുതൽ പ്രൊഫസർ വരെ ആവാം

### കർഷക കണ്ടുപിടുത്തങ്ങൾ

IPR-കൾ നേടാം
വാണിജ്യവത്കരിക്കാം
കർഷക ഗവേഷണ ജേർണലുകളിൽ പ്രസിദ്ധീകരിക്കാം

### അംഗമാകാം

1. സാധാരണ അംഗം
- വിവിധ തലങ്ങളിൽ

2 . അക്കാദമി അംഗം

*=നിബന്ധനകൾക്ക് വിധേയം

For Details Contact:
Director, Karshaka Vidyapeedam, Greensands, OzhinjaValappu, Padannakkad, Kanhangad, Kasaragod, 671 314

Published by Abdulla Edakkave,Director
Karshaka Vidyapeedam, Ozhinjavalappu, Kanhangad, Kasaragod Dist.